പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3237

21/12/2012 - ൽ മറുപടിയ്ക്ക്

എസ്.ജി.എസ്.വൈ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) എസ്.ജി.എസ്.വൈ പദ്ധതി ഇപ്പോൾ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നുണ്ടോ; ആയതിന്റെ കാലാവധി എത്രവരെയാണ്; | (എ) | എസ്.ജി.എസ്.വൈ. പദ്ധതിയ്ക്കായി ബഡ്ജറ്റ് വിഹിതം വെച്ചിട്ടുണ്ടെങ്കിലും കേന്ദ്ര സഹായത്തിന്റെ ആദ്യ ഗഡു പൂർണ്ണമായും എൻ.ആർ.എൽ.എം. പദ്ധതി നടപ്പാക്കുന്നതിനാണ് നൽകിയത്. അതിനാൽ എസ്.ജി.എസ്.വൈ. പദ്ധതികൾ ഈ വർഷം പുതിയ സ്വയംസഹായ സംഘങ്ങൾക്ക് സഹായം നൽകിയിട്ടില്ല. |
| (ബി) പ്രസ്തുത പദ്ധതിക്ക് പകരമായി വരുന്ന എൻ.ആർ.എൽ.എം. പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; | (ബി) | എൻ.ആർ.എൽ.എം. പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) എങ്കിൽ അതിനായുള്ള പരിശീലനങ്ങൾ നൽകിയിട്ടുണ്ടോ; ആർക്കൊക്കെയാണ് പരിശീലനം നൽകിയിട്ടുള്ളത്;വിശദമാക്കാമോ; | (സി) | എൻആർഎൽഎം പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ ഇനിയും അംഗങ്ങളാകാത്ത അതി ദരിദ്രർ പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾ, തീരദേശ മത്സ്യ തൊഴിലാളികൾ, തോട്ടം തൊഴിലാളികൾ, ഭാഷാ ന്യൂനപക്ഷങ്ങൾ തുടങ്ങി ഒറ്റപ്പെട്ട മുഴുവൻ പേരെയും കുടുംബശ്രീ സംവിധാനത്തിൽ കൊണ്ടുവരുകയെന്നത് ലക്ഷ്യമാക്കി 100% അയൽക്കൂട്ട പ്രവേശനം ഉറപ്പാക്കുന്നതിനായി പഞ്ചായത്ത് പ്രസിഡന്റുമാർ, റിസോഴ്സ്പേഴ്സൺമാർ, സിഡിഎസ് ഭാരവാഹികൾ എന്നിവർക്ക് ജില്ലാ-പഞ്ചായത്ത്-സിഡിഎസ് തലങ്ങളിൽ പരിശീലനങ്ങൾ നൽകി കഴിഞ്ഞു. കൂടാതെ സംസ്ഥാന മിഷന്റെ നേതൃത്വത്തിൽ ഉപജീവന വികസന പരിപാടികളുമായി ബന്ധപ്പെട്ട് കുടുംബശ്രീ ന്യൂട്രിമിക്സ് യൂണിറ്റുകൾ, കുടുംബശ്രീ ക്യാന്റീൻ, കാറ്ററിംഗ് യൂണിറ്റുകൾ എന്നിവയ്ക്കുള്ള പെർഫോമൻസ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം (പിഐപി) പരിശീലനം സംഘടിപ്പിച്ചു. ഇതു കൂടാതെ പുതുതായി തെരഞ്ഞെടുക്കപ്പെട്ട സിഡിഎസ് ഭാരവാഹികൾ, കുടുംബശ്രീ അക്കൗണ്ടന്റുമാർ എന്നിവർക്കും സംസ്ഥാന മിഷന്റെ നേതൃത്വത്തിൽ പരിശീലനം നൽകി കഴിഞ്ഞു. |

| | | |
|---|---|---|
| (ഡി) പ്രസ്തുത പദ്ധതിയുടെ നോഡൽ ഏജൻസിയായി കുടുംബശ്രീയെ തിരഞ്ഞെടുത്തിരുന്നത് ഒഴിവാക്കി യിട്ടുണ്ടോ;എങ്കിൽ എന്തുകൊണ്ട്; വിശദമാക്കുമോ; | (ഡി) | ഒഴിവാക്കിയിട്ടില്ല. |
| (ഇ) കുടുംബശ്രീയുമായി സഹകരിച്ച് ഈ പദ്ധതി നടപ്പാക്കാൻ സാധി ക്കുമോ; വിശദമാക്കുമോ? | (ഇ) | എൻ ആർ എൽ എം പദ്ധതിക്ക് കുടുംബശ്രീ തയ്യാറാക്കിയ സ്റ്റേറ്റ് പെർസ്പെക്ടീവ് ഇംപ്ലിമെന്റേഷൻ പ്ലാൻ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനു സമർപ്പിക്കുകയും പ്രസ്തുത പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന്റെ 06/02/2012 ലെ FTS-17494. L-13014/02/2011-Aajeevika പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. കേന്ദ്ര സർക്കാർ അംഗീകരിച്ച സ്റ്റേറ്റ് പെർസ്പെക്ടീവ് ഇംപ്ലിമെന്റേഷൻ പ്ലാൻ പ്രകാരമാണ് പ്രസ്തുത പദ്ധതി കേരളത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ